**പതിമൂന്നാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 189 — 08-02-2016-ന് മറുപടി നൽകേണ്ടത്

**കമ്മീഷനുകൾ**

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സർക്കാർ നിയോഗിച്ച എത്ര കമ്മീഷനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; അതിൽ സ്ഥിരം കമ്മീഷനുകൾ എത്ര; അല്ലാത്തവ എത്ര; അവ ഏതൊക്കെ; | (എ) | വിവരം ശേഖരിച്ചുവരുന്നു |
| (ബി) | മനുഷ്യാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ തുടങ്ങിയ സർക്കാർ നിയോഗിച്ച സ്ഥിരം കമ്മീഷനുകൾ ഓരോന്നിന്റെയും പ്രതിവർഷ ശരാശരി ചെലവ് എത്ര; ? | (ബി) | 2009-2010 കാലയളവു മുതൽ 2014-2015 വരെ നോൺ പ്ലാൻ ഇനത്തിൽ 2,05,76,264/- രൂപയും പ്ലാൻ ഇനത്തിൽ 1,20,31,542/- രൂപയും വനിതാ കമ്മീഷന് പ്രതിവർഷം ശരാശരി ചെലവായിട്ടുണ്ട്. മറ്റു കമ്മീഷനുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (സി) | നിലവിലുള്ള കമ്മീഷനുകളുടെ ചെയർമാൻ, അംഗങ്ങൾ എത്ര; ഏതെല്ലാം ഇനങ്ങളിലാണ് കമ്മീഷനുകൾക്ക് ചെലവ് നേരിടുന്നത്; | (സി) | വനിതാ കമ്മീഷന് ഒരു ചെയർപേഴ്സണും നാല് അംഗങ്ങളും ഒരു മെമ്പർ സെക്രട്ടറിയുമാണ് നിലവിലുള്ളത്. വനിതാ കമ്മീഷൻ ചുവടെ ചേർക്കുന്ന ഇനങ്ങളിലാണ് ചെലവ് നേരിടുന്നത്.<br>1). 2235-02-103-95 (NP)<br>2). 2235-02-103-95-34-OC Plan<br>3). 2235-02-103-90(03) Plan<br>മറ്റു കമ്മീഷനുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ഓരോ കമ്മീഷനുകളുടെയും പ്രവർത്തനം വഴി നാടിനുണ്ടായിക്കൊണ്ടിരിക്കുന്ന നേട്ടങ്ങൾ വിശദമാക്കാമോ? | (ഡി) | കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും അവർക്കെതിരായി ഉണ്ടാകുന്ന നീതിരഹിതവും വിവേചനപരവുമായ നടപടികളിൽ ആവശ്യമായ അന്വേഷണം നടത്തി അവയ്ക്ക് പരിഹാരം കാണുന്നതിനും ഇക്കാര്യത്തിൽ ഉചിതമായ ശുപാർശകൾ സർക്കാരിന് നൽകുന്നതിനും കേരള വനിതാ കമ്മീഷന്റെ പ്രവർത്തനംകൊണ്ട് സാധിച്ചുവരുന്നുണ്ട്.<br>മറ്റു കമ്മീഷനുകളുടെ പ്രവർത്തനംവഴി ഉണ്ടാകുന്ന നേട്ടങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**